LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ പൊതുമേഖലാ സ്ഥാപനവുമായിട്ടുള്ള സംയുക്ത സംരംഭമായി ആണ് നടപ്പിലാക്കുന്നതെങ്കിൽ ഇപ്പോൾ 60.6345 കോടി രൂപ കമ്പോളവിലയുള്ള ടി ഭൂമിയുടെ കമ്പോളവിലയുടെ 4% വാർഷിക പാട്ടവാടകയായി, പത്ത് കൊല്ലത്തിലൊരിക്കൽ പുതുക്കണമെന്ന വ്യവസ്ഥയോടെ, ടി ഭൂമി കേന്ദ്ര ഗവൺമെന്റിന് സംസ്ഥാന സർക്കാർ നൽകുന്നതിന് സമ്മതമാണെന്നും കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

(സി) സംയുക്ത സംരംഭത്തിൽ സ്വകാര്യ പങ്കാളിയാണെങ്കിൽ ഭൂമി പാട്ടത്തിന് നൽകുന്നതിനെക്കുറിച്ചുള്ള സംസ്ഥാന സർക്കാരിന്റെ അഭിപ്രായം പുതുതായി റെയിൽവേ ബോർഡ് ആരാഞ്ഞിട്ടുണ്ട്.

(ഡി&ഇ) ഇതുസംബന്ധിച്ച് നയപരമായ തീരുമാനം എടുക്കേണ്ടതുണ്ട്. ആയതിനുള്ള നടപടി ത്വരിതഗതിയിൽ പുരോഗമിക്കുന്നു.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

(നക്ഷത്രചിഹ്നമിടാത്ത 445, 446, 458, 475, 495, 518 എന്നീ നമ്പർ ചോദ്യോത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.)

II അടിയന്തരപ്രമേയം

പുല്ലുമേട് ദുരന്തം

മി. സ്പീക്കർ : ഒരു വർഷം മുമ്പ് നടന്ന കണമല ദുരന്തത്തിനിരയായ അയ്യപ്പഭക്തർക്ക് ഗവൺമെന്റ് വാഗ്ദാനം ചെയ്ത തുക നൽകാത്തതിലും അയ്യപ്പഭക്തരുടെ സുരക്ഷയ്ക്ക് ആവശ്യമായ നടപടി സ്വീകരിക്കാത്തതിലും കമ്മീഷൻ റിപ്പോർട്ടുകൾ നടപ്പാക്കാത്തതിലും പുല്ലുമേട് ദുരന്തത്തെ സംബന്ധിച്ച് വിവിധ വകുപ്പുകൾ വ്യത്യസ്തമായ സത്യവാങ്മൂലം ഹൈക്കോടതിയിൽ നൽകിയതുമൂലവും ഉളവായിട്ടുള്ള പ്രശ്നങ്ങൾ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ, സി. ടി. അഹമ്മദ് അലി, കെ. കെ. ഷാജു, പി. സി. ജോർജ്, എം. കെ. പ്രേംനാഥ്, കെ.ബി. ഗണേഷ്കുമാർ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

9.30 AM]

ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി) : സർ, ഇവിടെ ബഹുമാനപ്പെട്ട എം.എൽ.എ.മാർ നൽകിയിട്ടുള്ള അടിയന്തര പ്രമേയത്തിനെ സംബന്ധിച്ച വിഷയം വളരെ പ്രധാനപ്പെട്ടതുതന്നെയാണ്. കഴിഞ്ഞ വർഷമാണ് കണമല ദുരന്തമുണ്ടായത്. അത്യന്തം ദുഃഖകരമായ സംഭവമായിരുന്നു അത്. ആന്ധ്രയിൽനിന്നുംവന്ന ഭക്തജനങ്ങളാണ് കൂടുതലായി ഈ ദുരന്തത്തിൽപ്പെട്ടത്. ജില്ലാ ഭരണാധികാരികളും ജനപ്രതിനിധികളും ഞാൻ ഉൾപ്പെടെയുള്ള മന്ത്രിമാരുമൊക്കെ സംഭവ സ്ഥലം സന്ദർശിച്ച് വേണ്ട നടപടികൾ ത്വരിതപ്പെടുത്തിയിരുന്നു. ദേവസ്വം ബോർഡിൽനിന്ന് സാമ്പത്തിക സഹായം നൽകുന്നതിന് പരിമിതികളുള്ളതിനാൽ ഇൻഷ്വറൻസ് പദ്ധതി പ്രകാരമുള്ള ഒരു ലക്ഷം രൂപയാണ് നൽകാൻ കഴിഞ്ഞത്. എന്നാൽ മൃതശരീരങ്ങൾ ആന്ധ്രയിൽ

എത്തിക്കുന്നതിനുള്ള സാമ്പത്തിക സഹായവും മറ്റ് ചെലവുകൾക്കായി 25,000 രൂപ വീതവും നൽകിയിട്ടുണ്ട്. ഗവൺമെന്റ് സഹായം നൽകുമെന്ന് പറഞ്ഞിരുന്നില്ല. സംസ്ഥാന മന്ത്രിസഭ ദേവസ്വം ബോർഡിനോട് സഹായം നൽകാൻ ആവശ്യപ്പെടുകയാണുണ്ടായത്. അതിന് ബഹുമാനപ്പെട്ട കോടതിയുടെ അനുവാദം ലഭിക്കേണ്ടിയിരുന്നു. അനുവാദം ലഭിക്കാത്തതുകൊണ്ടാണ് സാമ്പത്തിക സഹായം നൽകാൻ കഴിയാത്തത്. ഇതാണ് വസ്തുത. അപകട പ്രദേശത്തെ പ്രത്യേകതകൾ പരിഗണിച്ച് പി.ഡബ്ല്യു.ഡി.-യുമായി ബന്ധപ്പെട്ട് നടത്തിയ ക്രമീകരണങ്ങളിലൂടെ അപകട സാധ്യത കുറയ്ക്കുവാൻ ആവശ്യമായ സാങ്കേതിക സൗകര്യങ്ങൾ ചെയ്തു. ഇക്കാര്യങ്ങളിൽ പ്രാഥമികമായി ഗവൺമെന്റ് ചെയ്യേണ്ട കാര്യങ്ങൾ ചെയ്തു. വളരെ ദൂരെനിന്നും ഭക്തജനങ്ങളുമായി വന്ന ലോറി മറിഞ്ഞതിനെത്തുടർന്നാണ് ജീവാപായം സംഭവിച്ചത്. അപകടം സംഭവിച്ചശേഷം എല്ലാ ക്രമീകരണങ്ങളും അടിയന്തരമായി നടത്തുകയുണ്ടായി. ഇവിടെ സൂചിപ്പിച്ച മറ്റൊരുസംഭവം കണമല ദുരന്തത്തിനുശേഷമുണ്ടായ പുല്ലുമേട് ദുരന്തമാണ്. അത് സഭയിൽ സബ്മിഷനിലൂടെ ഉന്നയിച്ച വിഷയമാണ്. വളരെ ദുഃഖകരമായ കാര്യമാണ്. അത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള നടപടിക്രമങ്ങൾ സ്വീകരിക്കുന്നതിന് ഗവൺമെന്റ് മുന്തിയ പരിഗണന നൽകുകയാണ്. അതിന്റെ അടിസ്ഥാനത്തിൽ പ്രത്യേകിച്ച് സമ്മർദ്ദമോ നിർദ്ദേശമോ ഉണ്ടാകുന്നതിനുമുമ്പുതന്നെ സംഭവത്തിന്റെ ഗൗരവം കണക്കിലെടുത്ത് ജുഡീഷ്യൽ അന്വേഷണം നടത്താൻ ഗവൺമെന്റ് തീരുമാനിച്ചു. അതോടൊപ്പം ക്രൈം ബ്രാഞ്ചിന് അന്വേഷണം തുടരാൻ വേണ്ട ഏർപ്പാടുകൾ ചെയ്യുകയുമാണുണ്ടായത്. ഔദ്യോഗികതലത്തിൽ ചില നടപടികൾ ആരംഭിച്ചിട്ടുണ്ട്. ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട പരിപാടികളെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ രണ്ട് യോഗങ്ങൾ നടന്നു. അവസാനത്തെ യോഗം നടന്നത് പമ്പയിൽ വച്ചായിരുന്നു. ആ യോഗങ്ങളിലെല്ലാം തന്നെ ബന്ധപ്പെട്ട പ്രദേശങ്ങളെ പ്രതിനിധാനം ചെയ്ത് എം.എൽ.എ.-മാർ, എം.പി.-മാർ, മറ്റ് ജനപ്രതിനിധികൾ, ഉദ്യോഗാനുദ്യോഗസ്ഥർ ഇവരൊക്കെ പങ്കെടുത്ത് വേണ്ട നടപടിക്രമങ്ങളെക്കുറിച്ച് ആലോചിച്ച് അടിയന്തര പ്രാധാന്യം അർഹിക്കുന്ന രീതിയിൽ നടപടി സ്വീകരിച്ചു. ഇതിൽ ഏതെങ്കിലും ഡിപ്പാർട്ടുമെന്റുകളുടെ ഏകീകരണക്കുറവുണ്ടായിട്ടില്ല. എല്ലാ ഡിപ്പാർട്ടുമെന്റുകളുടെയും ഏകീകരണത്തിനുവേണ്ടിയാണ് പ്രത്യേകിച്ച് യോഗങ്ങൾ വിളിച്ചു ചേർക്കുന്നത്. ആദ്യയോഗം തിരുവനന്തപുരത്താണ് കൂടിയത്. അതിനുശേഷം പ്രശ്നങ്ങൾ നിലനിൽക്കുന്ന പ്രധാനപ്പെട്ട കേന്ദ്രങ്ങളായ പത്തനംതിട്ട, കോട്ടയം, പന്തളം, എരുമേലി തുടങ്ങിയ പ്രദേശങ്ങളിൽ ഉദ്യോഗസ്ഥരുടെയും ജനപ്രതിനിധികളുടേയും യോഗം വിളിച്ചു. അതിനുശേഷമാണ് ശബരിമല തീർത്ഥാടന കാലവുമായി ബന്ധപ്പെട്ട മറ്റ് നടപടിക്രമങ്ങളെക്കുറിച്ച് തീരുമാനമെടുക്കുന്നത്. ഇക്കാര്യത്തിൽ വ്യത്യസ്ത അഭിപ്രായമില്ല. പ്രാഥമികമായ ഒരു സ്റ്റേറ്റുമെന്റാണ് പുല്ലുമേട് ദുരന്തത്തെക്കുറിച്ച് ലഭിച്ചത്. പുല്ലുമേട് ദുരന്തത്തെക്കുറിച്ച് വ്യത്യസ്തമായ കാഴ്ചപ്പാടുകളില്ല, പ്രാഥമികമായി നൽകിയ സ്റ്റേറ്റുമെന്റിൽ ഒരുപക്ഷേ ചില

LIBRARY ARCHIVES Kerala Legislative Assembly

അപാകതകൾ ഉണ്ടായിരിക്കാം. ഗവൺമെന്റിന് ആത്യന്തികമായി അതിൽ വ്യത്യസ്തമായ കാഴ്ചപ്പാടില്ല. ഈ സംഭവത്തിനുശേഷം കഴിഞ്ഞ മാസം 28-ാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഉയർന്ന ഉദ്യോഗസ്ഥരുടേയും ബന്ധപ്പെട്ടവരുടേയും യോഗം ചേരുകയുണ്ടായി. പുല്ലുമേട് ദുരന്തം പോലെയുള്ള ദുരന്ത സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ വളരെ ഫലപ്രദമായ പ്രായോഗികവും കർശനവുമായ നടപടി സ്വീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഈ മാസംതന്നെ വീണ്ടും ഒരു യോഗം വിളിക്കും. ഇത് സംബന്ധിച്ച് മുമ്പുണ്ടായിരുന്ന കമ്മീഷൻ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതിന് എന്തെല്ലാം കാര്യങ്ങൾ ചെയ്യാൻ കഴിയുമോ അതൊക്കെ ചെയ്യും. ഇത്തരം സംഭവങ്ങൾ ആവർത്തിക്കപ്പെടാതിരിക്കാനും ഈ ദുരന്തസംഭവത്തിന് കാരണമായ പശ്ചാത്തലത്തെക്കുറിച്ച് വസ്തുതാപരമായി അന്വേഷിക്കുവാനുമാണ് ഗവൺമെന്റ് ജുഡീഷ്യൽ അന്വേഷണം പ്രഖ്യാപിച്ചത്. അതുകൊണ്ട് ഈ വിഷയം സഭ നിർത്തിവച്ചുകൊണ്ട് ചർച്ച ചെയ്യേണ്ടതില്ലെന്നാണ് എനിക്ക് പറയുവാനുള്ളത്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :</u> സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്, ഇത് വളരെ പ്രധാനപ്പെട്ട വിഷയം തന്നെയാണെന്നാണ്. അങ്ങനെയാണെങ്കിൽ ഇത് ചർച്ച ചെയ്യുമെന്നുള്ള പ്രതീക്ഷയിലായിരുന്നു ഞാൻ. ഇതെല്ലാം വളരെ പ്രധാനപ്പെട്ടതാണെന്നും ആക്ഷേപങ്ങളെല്ലാം കറക്ടാണെന്നും പറഞ്ഞെങ്കിലും അവസാനം ചർച്ച വേണ്ടെന്നാണ് പറയുന്നത്. മന്ത്രിസഭ തീരുമാനിച്ചാൽ പണം കൊടുക്കുന്നതിന് എന്താണ് തടസ്സം? മൂന്നു ദുരന്തങ്ങളാണ് അടുത്തകാലത്തായി ഇവിടെ നടന്നത്. 1999-ൽ ഉണ്ടായ ഹിൽടോപ്പ് ദുരന്തത്തിൽ 53 മൃതദേഹങ്ങൾ കണ്ടെടുത്തു. കഴിഞ്ഞ വർഷം കണമലയിൽ ദുരന്തമുണ്ടായി. അവിടെ പന്ത്രണ്ട് ആളുകൾ മരിച്ചു. പുല്ലുമേട് ദുരന്തത്തിൽ മരണം 103 ആയി വർദ്ധിച്ചിരിക്കുകയാണ്. ഈ ഗവൺമെന്റിന്റെ കാലത്തുതന്നെയാണ് രണ്ട് ദുരന്തങ്ങളുമുണ്ടായത്. 1999-ൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്താണ് 53 ആളുകൾ മരിച്ചത്. ഇതിനെക്കുറിച്ചൊക്കെ ഗവൺമെന്റ് എടുക്കേണ്ട ചില നടപടികളില്ലേ? ഇപ്പോൾ ഒരു ദുരന്തമുണ്ടായി കഴിയുമ്പോൾ ഗവൺമെന്റിന് ചില സ്റ്റീരിയോ ടൈപ്പ് അനൗൺസ്മെന്റുണ്ട്. ഞങ്ങൾ പണം കൊടുക്കും, ഞങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ അവർക്ക് ചികിത്സ കൊടുക്കും, ഞങ്ങൾ അതിന് കുറേ നടപടികളെടുക്കും ചില മാറ്റങ്ങൾ വരുത്തും, ഇതിനെക്കുറിച്ച് ആലോചന നടത്തും. ഇതെല്ലാം സ്റ്റീരിയോ ടൈപ്പ് ആണ്. എന്നിട്ട് മൃതദേഹം കയറ്റി അയച്ചതിനുള്ള കാശ് കൊടുത്ത കാര്യമാണ് ഇവിടെ പറഞ്ഞത്. ഒരു സംസ്ഥാനത്ത് മനുഷ്യ മനസ്സാക്ഷിയെ ഞെട്ടിപ്പിക്കുന്ന തരത്തിലുള്ള മരണം നടന്നു കഴിയുമ്പോൾ മൃതദേഹം കയറ്റി അയയ്ക്കുന്നതിനുള്ള പണം കൊടുത്തു എന്നുപറഞ്ഞ് ഒരു ഗവൺമെന്റിന് മറ്റ് നടപടികളിൽനിന്ന് പിന്തിരിയാൻ കഴിയുമോ? മകരജ്യോതി കണ്ട് മടങ്ങിയ 103 അയ്യപ്പഭക്തർ ചതഞ്ഞരഞ്ഞ് മരിക്കുകയായിരുന്നു. കണമലയിൽ 12 ആളുകൾ മരിച്ചു. ഇപ്പോൾ ഗവൺമെന്റ് വഴിപാടുപോലെ നടത്തുന്ന ഈ അന്വേഷണം എവിടെ പോയിനിൽക്കും? സാമ്പത്തിക സഹായം പ്രഖ്യാപിക്കുമെന്ന് അങ്ങ് പറഞ്ഞല്ലോ? സാമ്പത്തിക

LIBRARY ARCHIVES Kerala Legislative Assembly

സഹായം കൊടുക്കുമെന്ന് ഈ ഗവൺമെന്റാണ് പ്രഖ്യാപിച്ചത്. ഈ വർഷത്തിൽ മുപ്പത് ദിവസത്തിനിപ്പുറത്തുണ്ടായ ഈ ദുരന്തത്തിൽ സാമ്പത്തിക സഹായം കൊടുക്കുന്നതിന് കഴിഞ്ഞിട്ടില്ല എന്നുപറഞ്ഞാൽ, സാധാരണ ഗതിയിലുള്ള ഒരു സർക്കാർ താമസം എന്നുള്ള നിലയിൽ നമുക്കെടുക്കുവാൻ പറ്റും. പക്ഷേ ഇവിടെ ഉണ്ടായത് അതാണോ? ഒരു കൊല്ലക്കാലം മുമ്പ് മരണപ്പെട്ട പന്ത്രണ്ട് ആളുകളുടെ കുടുംബങ്ങൾക്ക് കൊടുക്കുമെന്നു പറഞ്ഞ പണമെവിടെ? അതിന്റെ നടപടിയെന്തായി? അതിന് ദേവസ്വം ബോർഡിനെ ചുമതലപ്പെടുത്തിയെന്നുപറഞ്ഞു. 'ഇപ്പോഴുണ്ടായ ഈ ദുരന്തത്തിൽ മരിച്ച ആളുകളുടെ കുടുംബങ്ങൾക്ക് അഞ്ച് ലക്ഷം രൂപവച്ച് ഞങ്ങളും ദേവസ്വംബോർഡും ചേർന്ന് കൊടുക്കുമെന്ന' ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ് പ്രഖ്യാപിച്ചത്. സത്യം പറഞ്ഞാൽ ഈ അടിയന്തര പ്രമേയ നോട്ടീസ് മുഖ്യമന്ത്രിക്കാണ് കൊടുത്തത്. ധനസഹായം കൊടുത്തിട്ടില്ല എന്നതുകൊണ്ട് അദ്ദേഹം ഇന്ന് സഭയിലേ വന്നില്ല. അദ്ദേഹം അതോടുകൂടി ഇവിടെനിന്ന് മാറി നിൽക്കുകയാണ്. ഈ അടിയന്തരപ്രമേയം കഴിയുമ്പോൾ അദ്ദേഹം വരുമെന്നും ഞാൻ പ്രതീക്ഷിക്കുകയാണ്. വാക്ക് പറഞ്ഞാൽ വാക്ക് പാലിക്കുന്നതിനുവേണ്ടിയുള്ള നടപടി എടുക്കേണ്ടേ? ഈ ദുരന്തം ഗവൺമെന്റ് ഉണ്ടാക്കിയതാണ്. ഈ ദുരന്ത കാരണത്തെ കുറിച്ച് പോലീസ്, ഫോറസ്റ്റ്, ദേവസ്വം ബോർഡ് എന്നീ വകുപ്പുകൾ ഹൈക്കോടതിയിൽ അഫിഡവിറ്റ് കൊടുത്തിട്ടുണ്ട്. മൂന്നു വകുപ്പുകളും പറയുന്നത് എന്താണ്? അനാസ്ഥ നടന്നിട്ടുണ്ടെന്നാണ് ക്രൈം ബ്രാഞ്ചിന്റെ അന്വേഷണ റിപ്പോർട്ട്. ഇത് മാധ്യമങ്ങളിൽ വന്നതാണ്. ഇതുവരെ നിഷേധിക്കാത്ത കാര്യമാണ്. അവിടെ കുഴപ്പങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് വനം വകുപ്പു പറയുന്നു. അത് വേറെയൊരു അഫിഡവിറ്റാണ്. പോലീസിന്റെ അഫിഡവിറ്റിനേക്കാൾ വ്യത്യസ്തമായ ഒരു അഫിഡവിറ്റ് വനംവകുപ്പ് കൊടുത്തിട്ടുണ്ട്. ഇത് രണ്ടിലും പെടാത്ത മൂന്നാമത്തെ അഫിഡവിറ്റാണ് ദേവസ്വം ബോർഡ് കൊടുത്തത്. ഇങ്ങനെ വ്യത്യസ്തമായ അഫിഡവിറ്റല്ലാതെ ഒരുമിച്ച് ഒരു അഫിഡവിറ്റ് തന്നുകൂടെ എന്നാണ് അവസാനം ഹൈക്കോടതി ചോദിച്ചത്. എന്താണ് നിങ്ങൾക്ക് മറുപടി പറയാനുള്ളത്? പുല്ലുമേട്ടിൽ വാഹനം നിരോധിച്ച പ്രദേശത്ത് ആയിരത്തി അഞ്ഞൂറ് വാഹനങ്ങൾ എങ്ങനെ വന്നെത്തി? ആയിരത്തി അഞ്ഞൂറ് വാഹനങ്ങൾ ആ സമയത്ത് അവിടെ ഉണ്ടായിരുന്നു. വാഹനം നിരോധിച്ച സ്ഥലമാണ്. ആ വാഹനം നിരോധിച്ച സ്ഥലത്ത് ഭക്തർക്ക് കടന്നു പോകുന്നതിനുള്ള ഇടുങ്ങിയവഴിയിൽ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് കടകൾ സ്ഥാപിക്കാൻ അനുമതി കൊടുത്തു. കൈക്കൂലി വാങ്ങിയിട്ടാണ് അങ്ങനെ ചെയ്തതെന്നാണ് നാട്ടുകാർ പറയുന്നത്. വാഹനം കടത്തി വിടുന്നതിനുവേണ്ടി തുടക്കത്തിലേ വള്ളക്കടവിൽ കാശ് വാങ്ങിയിട്ടുണ്ടെന്ന് ഭക്തൻമാർതന്നെ പരസ്യമായി പറഞ്ഞിട്ടുണ്ട്. കൺമുന്നിൽ കണ്ടിരിക്കുന്നകാര്യങ്ങളിൽ എന്തുകൊണ്ടാണ് ഗവൺമെന്റ് അനങ്ങാത്തത്? അവിടെ മരിച്ചവരേയും അല്ലാത്തവരെയും ലോറിക്കകത്ത് കുത്തിക്കയറ്റി പരിക്കുപറ്റിയവരുടെ ദേഹത്തുകൂടി ശവശരീരങ്ങൾ എടുത്തിട്ട് ശ്വാസം മുട്ടിച്ചാണ് ആശുപത്രിയിലേക്ക് കൊണ്ടുപോയത്. പകുതി മരിച്ചവർ പൂർണ്ണമായി മരിച്ചത് ഈ ലോറിക്കത്ത് കിടന്നാണ്. ഇത് എത്രയോ ക്രൂരമാണ്. മനുഷ്യാവകാശ കമ്മീഷനില്ലേ ഇവിടെ? ഇതിനെക്കുറിച്ച് തിരക്കേണ്ടെ? മനുഷ്യത്വമുള്ള ഒരു ഗവൺമെന്റുണ്ടെങ്കിൽ ഇത് സംബന്ധിച്ച് അപ്പോൾ തന്നെ

LIBRARY ARCHIVES Kerala Legislative Assembly

നടപടിയെടുക്കില്ലേ? ആരാണ് ഇതിന്റെ ഉത്തരവാദികൾ? 270 പോലീസുകാരെ അവിടെ ഡിപ്ലോയ് ചെയ്തുവെന്ന് പോലീസ് വകുപ്പ് പറയുന്നു. 270 പോലീസുകാരെ കൊണ്ടുവന്ന വണ്ടികളിൽ രണ്ട് വണ്ടികളെങ്കിലും മരിച്ചവരെയും അല്ലാത്തവരെയും അല്ലാത്തവരെയും തരംതിരിച്ച് കൊണ്ടുപോകാൻ കഴിയില്ലേ? രണ്ടര ലക്ഷം പേർ ഒരുമിച്ച് ചേർന്ന സ്ഥലത്ത് അവിടെ വെളിച്ചമുണ്ടായിരുന്നോ? ഇവർക്ക് ഡയറക്ഷൻ കൊടുക്കുന്നതിനുവേണ്ടി മൈക്ക് അവിടെ ക്രമീകരിച്ചിരുന്നോ? പ്രാണരക്ഷാർത്ഥം ഓടിക്കയറിയ അയ്യപ്പ ഭക്തരെ ചൂട് ചട്ടുകം വച്ച് കച്ചവടക്കാർ പുറത്തടിച്ചുവെന്ന വാർത്തയാണ് വന്നിട്ടുള്ളത്. അനധികൃത കച്ചവടക്കാരാണവർ. ബിനാമി പേരിലാണ് ഇവരിൽ പലരും കച്ചവടം നടത്തിക്കൊണ്ടിരിക്കുന്നത്. ഏറ്റവും ക്രൂരമായ ഈ സംഭവം തിരുവനന്തപുരത്താണെങ്കിൽ ഈ ഗവൺമെന്റ് ഇത്തരം നിലപാട് സ്വീകരിക്കുമോ; ഈ സംഭവം കേരളത്തിലെ ഏതെങ്കിലും കോസ്മോ പോളിറ്റൻ പട്ടണത്തിലാണെങ്കിൽ ഈ ഗവൺമെന്റിന് ഇവിടെ തുടരാൻ പറ്റുമോ? ദുരന്തത്തിൽപെട്ട അയ്യപ്പഭക്തരെ വേട്ടയാടുകയായിരുന്നു. ഇവരിൽ കൂടുതലും ആന്ധ്രാ പ്രദേശിൽനിന്നും തമിഴ്നാട്ടിൽ നിന്നുമുള്ളവരായിരുന്നു. മൂന്ന് മലയാളികളുണ്ട്. മൃതദേഹവ്യൂഹത്തിൽ ഈ ഗവൺമെന്റ് റീത്ത് അർപ്പിക്കുക മാത്രമാണ് ചെയ്തത്. നിങ്ങൾ കുറേ വെള്ളത്തുണിയെടുത്തു, കുറേ പഞ്ഞിയും വച്ചു. അതാണ് ഈ ഗവൺമെന്റ് ചെയ്തിട്ടുള്ളത്. അനീതിയുടെ ഒരു ഉദാഹരണമാണ് ഈ ഗവൺമെന്റെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്. ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റ് ഭരിച്ചിരുന്ന കാലത്ത് അവിടുത്തെ ചില പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കിയതാണ്. ടൈഗർ പ്രോജക്ടിന് സ്ഥലം ഇല്ലെന്ന് പറഞ്ഞു ; ടൈഗർ പ്രോജക്ടിന് സ്ഥലം കൊടുത്തല്ലോ; അതിനുവേണ്ടി നടപടിയെടുത്തല്ലോ ; പ്രധാനമന്ത്രി അദ്ധ്യക്ഷനായ കമ്മിറ്റി സാംഗ്ഷൻ കൊടുത്തല്ലോ ; കമ്പക്കല്ലിൽ 305 ഏക്കർ സ്ഥലം കൊടുത്ത് നിലയ്ക്കലെ ഭൂമി ഞങ്ങൾ വിട്ടുകൊടുക്കുകയാണ് ചെയ്തിട്ടുള്ളത്. ബെയ്സ് ക്യാബിൻ അവിടെ ഉണ്ടാക്കിയിട്ടുണ്ടല്ലോ. ഒരു കാര്യംകൂടി ഞാൻ പറയാം. ഇന്ന് ഈ സഭയിൽ വന്നിട്ടില്ലാത്ത പ്രതിപക്ഷ നേതാവ് മുഖ്യമന്ത്രി ആയിരുന്നപ്പോൾ എട്ട് മന്ത്രിമാർ അടങ്ങുന്ന ടീമായി സന്നിധാനത്തിൽപ്പോയി അവിടുത്തെ ക്രമീകരണങ്ങളെക്കുറിച്ച് ആലോചിച്ചു. മുൻ ഗവൺമെന്റ് ചെയ്ത ഒരു കാര്യമെങ്കിലും നിങ്ങൾക്ക് മറക്കാൻ കഴിയുമോ ? ഇത് വളരെ മനുഷ്യത്വഹീനമായ പ്രവർത്തിയായിപ്പോയി.

മി. സ്പീക്കർ: യേസ്.....യേസ്.....

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : അംഗീകരിച്ച മാസ്റ്റർപ്ലാൻ സംബന്ധിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കാത്തതുകൊണ്ടുമാത്രം 125 കോടി രൂപയുടെ പ്രവർത്തനം അവിടെ മന്ദീഭവിച്ചു. ഇതെല്ലാം പത്രത്തിൽ വന്ന വാർത്തകളാണ്. 125 കോടി രൂപയുടെ വികസന പ്രവർത്തനം ലാപ്സായി കിടക്കുന്നു. പാവപ്പെട്ട അയ്യപ്പഭക്തൻമാർക്ക് അവിടെ ചെല്ലാൻ കഴിയുന്നില്ല, മനസ്സാക്ഷിയില്ലാത്ത ഗവൺമെന്റാണ്. ആളുകളെ വേട്ടയാടുന്ന ഗവൺമെന്റാണിത്. ഈ ഗവൺമെന്റ് കഴുകൻമാരുടെ കണ്ണുമായിരിക്കുന്ന ഗവൺമെന്റാണ്. ഞാൻ ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി പറഞ്ഞതിനോട് യോജിക്കുകയാണ്. അദ്ദേഹം പറഞ്ഞു ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞ കാര്യങ്ങൾ വളരെ ഗൗരവതരമാണെന്ന്. അതുകൊണ്ട് സഭാ നടപടികൾ നിർത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി) : സർ, ശബരിമല തീർത്ഥാടനകാലത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയടക്കം പത്തുമന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ വിവിധ ഘട്ടങ്ങളിൽ യോഗം ചേർന്ന് എടുത്ത തീരുമാനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളത്. സാമ്പത്തിക സഹായം നൽകുന്നതിന് ബഹുമാനപ്പെട്ട കോടതിയുടെ ചില നിബന്ധനകളുള്ളത് കൊണ്ടാണ് കണമലയിലെ അപകടത്തിൽപ്പെട്ടവരുടെ കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം നൽകാൻ കഴിയാതെ പോയത്, ഗവൺമെന്റിന് മനസ്സില്ലാത്തതുകൊണ്ടല്ല. മന്ത്രിസഭ ദേവസ്വം ബോർഡിനോട് സഹായം നൽകാൻ അഭ്യർത്ഥിക്കുകയാണ് ചെയ്തത്. ഇത്തവണ ഉണ്ടായ ദുരന്തത്തിന് രണ്ടര ലക്ഷം രൂപ ഗവൺമെന്റും രണ്ടര ലക്ഷം രൂപ ദേവസ്വം ബോർഡും നൽകാനുള്ള തീരുമാനമായിട്ടുണ്ട്. ആശുപത്രിയിൽ കിടക്കുന്നവർക്ക് ചികിൽസാ സഹായം നൽകിയിട്ടുണ്ട്. ഇവയൊക്കെ സംഭവത്തിനുശേഷം ചെയ്തകാര്യങ്ങളാണ്. അപ്രതീക്ഷിതമായി, യാദൃശ്ചികമായി ഉണ്ടായ സംഭവമാണിത്. ഏവരേയും ദുഃഖിപ്പിച്ച അപകടം. ആരും വരുത്തിവച്ചതല്ല. സാധാരണഗതിയിൽ അപകട സാധ്യത പ്രതീക്ഷിക്കാത്ത ഒരു സ്ഥലം കൂടിയാണ് പുല്ലുമേട്. ഇതുസംബന്ധിച്ച് കുമളി പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. എറണാകുളം ക്രൈബ്രാഞ്ച് എച്ച്.എഫ്.ഡബ്ല്യു. വിഭാഗം അന്വേഷണം നടത്തിവരുന്നു. ഇവിടെ ബഹുമാനപ്പെട്ട എം.എൽ.എ. ചൂണ്ടിക്കാണിച്ചതുപോലെ അപകട സാധ്യത ഉണ്ടാകുന്നതായി പറയപ്പെടുന്ന വിഷയങ്ങളെല്ലാംതന്നെ വളരെ വസ്തുതാപരമായി അന്വേഷിക്കുന്നതിനാണ് ആരുടേയും സമ്മർദ്ദമില്ലാതെ ഗവൺമെന്റ് ജുഡീഷ്യൽ അന്വേഷണത്തിന് തീരുമാനിച്ചത്. മനസ്സുതുറന്ന് സഹായങ്ങളും മറ്റ് നടപടിക്രമങ്ങളും സ്വീകരിക്കുന്നതിന് അടിയന്തര ചർച്ചകൾ നടത്തി. അതിനുശേഷമാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ അദ്ദേഹം വിളിച്ചുകൂട്ടിയ യോഗങ്ങൾ നടന്നത്. ഇവിടെ ആഭ്യന്തരവകുപ്പ് ചെയ്തിട്ടുള്ള സഹായ-സഹകരണങ്ങൾ ഞാൻ വിശദീകരിക്കുന്നില്ല. ഉത്തരവാദപ്പെട്ട ഉയർന്ന പോലീസ് ഉദ്യോഗസ്ഥൻമാരുടെ സാന്നിദ്ധ്യം അവിടെ പൂർണ്ണമായും ഉണ്ടായിരുന്നു. ഇത് വിവിധ വകുപ്പുകളുമായി ചേർന്ന് ക്രമീകരണം നടത്തേണ്ട കാര്യങ്ങളാണ്. ഞാൻ നേരത്ത സൂചിപ്പിച്ചതുപോലെ .....(ബഹളം) .....

മി. സ്പീക്കർ : യേസ്.....അങ്ങ് പറയണം.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി : .....(ബഹളം)..... 102 പേരുടെ മരണം സംബന്ധിച്ച് ഗവൺമെന്റ് സാധ്യമായ അടിയന്തര നടപടി സ്വീകരിച്ചിട്ടുണ്ട്. സഭാനടപടികൾ നിർത്തി വച്ച് ഇതിനെക്കുറിച്ച് ചർച്ച നടത്തേണ്ട ആവശ്യമില്ലെന്നാണ് ഗവൺമെന്റിന്റെ അഭിപ്രായം. ....(ബഹളം).....

മി. സ്പീക്കർ : ബഹുമാനപ്പെട്ട മിനിസ്റ്റർ അങ്ങയുടെ മറുപടി കഴിഞ്ഞോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കടന്നപ്പള്ളി രാമചന്ദ്രൻ: സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ലെന്നാണ് എനിക്ക് പറയാനുള്ളത്.....(ബഹളം).....

മി. സ്പീക്കർ : സീറ്റിൽപ്പോയിരിക്കു .....ശ്രീ. ബാബു പ്രസാദ്... സീറ്റിൽ ഇരിക്കു..... പ്ലീസ്.....

(ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ ഡയസിനുമുന്നിൽ വന്നുനിന്ന് ബഹളം വച്ചുകൊണ്ടിരുന്നു.)

മി. സ്പീക്കർ : ബഹുമാനപ്പെട്ട അംഗങ്ങൾ സീറ്റുകളിലേക്ക് പോകണം. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിക്ക് മറുപടി പറയാൻ അവസരം കൊടുക്കണം. അദ്ദേഹം എഴുന്നേറ്റതല്ലേ? മറുപടി പറയാൻ എഴുന്നേറ്റതാണ്. അതിന് അവസരം കൊടുക്കണം.

(പ്രതിപക്ഷാംഗങ്ങൾ അവരവരുടെ സീറ്റുകളിലേക്ക് തിരികെ പോയി.)

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : സർ, ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉന്നയിച്ച പ്രശ്നങ്ങൾക്ക് ദേവസ്വം വകുപ്പുമന്ത്രി ഇവിടെ മറുപടി പറഞ്ഞു. ശബരിമലയിലെ പുല്ലുമേട്ടിൽ മലമുകളിൽ നിന്നുകൊണ്ട് മകരജ്യോതി ദർശനം നടത്തിയ അയ്യപ്പന്മാർക്കുണ്ടായ ദുരന്തം കേരളത്തെയാകെ ദു:ഖിപ്പിച്ച ഒരു സംഭവമാണ്. രാജ്യത്തെയാകെ ദു:ഖിപ്പിച്ച സംഭവമാണ്. അതിൽ ഗവൺമെന്റ് അത്യഗാധമായ ദു:ഖം രേഖപ്പെടുത്തുന്നു. ഭരണപക്ഷമെന്നോ പ്രതിപക്ഷമെന്നോ ഉള്ള നിലയിൽ കൈകാര്യം ചെയ്യേണ്ട ഒരു പ്രശ്നമല്ലിത്. ഈ സംഭവം ഉണ്ടായതിന് ശേഷം ഭരണപക്ഷത്തുള്ളവരും പ്രതിപക്ഷത്തുള്ളവരും ഉണർന്ന് പ്രവർത്തിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റും സംസ്ഥാന ഗവൺമെന്റും പ്രശ്നത്തിൽ ഇടപെട്ടിട്ടുണ്ട്. കേരളം ഒറ്റക്കെട്ടായി നിന്നുകൊണ്ടാണ് പിന്നീട് ഈ പ്രശ്നങ്ങളിൽ ഇടപെട്ടതെന്നുള്ളത് കേരളത്തിന്റെ യശസ്സ് ഉയർത്തിയ ഒരു സംഭവമാണ്. അപ്രതീക്ഷിതമായി ഉണ്ടായ ഈ ദുരന്തത്തെ ഒരിക്കലും നമ്മൾ രാഷ്ട്രീയ വത്കരിക്കരുത്.....(ബഹളം) ..... ഇവിടെ ഇതുപോലുള്ള സംഭവം ഇതിനുമുമ്പും ഉണ്ടായിട്ടുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾക്ക് ബഹളമുണ്ടാക്കണമെന്നാണ് ഉദ്ദേശമെങ്കിൽ നിങ്ങൾക്ക് ബഹളം ഉണ്ടാക്കാം. .....(ബഹളം) .....വാക്കൗട്ട് നടത്തണമെന്നാണെങ്കിൽ നിങ്ങൾക്ക് അതാകാം. ഞങ്ങൾക്കതിൽ പ്രശ്നമില്ല. അതൊക്കെ പ്രതിപക്ഷത്തിന്റെ അവകാശമാണ്. പക്ഷേ ഗവൺമെന്റിന് പറയാനുള്ളതുകൂടി നിങ്ങൾ കേൾക്കുക. .....(ബഹളം) .....ഇതുസംബന്ധിച്ച് സംസ്ഥാന ഗവൺമെന്റിന് വീഴ്ചയുണ്ടായിട്ടുണ്ടോ തുടങ്ങിയ കാര്യങ്ങളൊക്കെ പരിശോധിക്കാനാണ് ജുഡീഷ്യൽ കമ്മീഷനെ നിയമിച്ചത്. ഹൈക്കോടതി സിറ്റിംഗ് ജഡ്ജി ഇതുസംബന്ധിച്ച് അന്വേഷിക്കണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത്. ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇവിടെ ഉന്നയിച്ച പ്രശ്നങ്ങൾക്കെല്ലാം ഗവൺമെന്റിന്റെ ഭാഗത്ത് വ്യക്തമായ ഉത്തരമുണ്ട്. ഹൈക്കോടതി ഇതുസംബന്ധിച്ച് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ജുഡീഷ്യൽ അന്വേഷണ കമ്മീഷനെ ഗവൺമെന്റാണ് നിശ്ചയിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

ഞങ്ങൾക്ക് ഇക്കാര്യത്തിൽ മുൻവിധിയില്ല. സിറ്റിംഗ് ജഡ്ജി അന്വേഷിക്കുന്ന സന്ദർഭത്തിൽ ഈ പ്രശ്നങ്ങളെല്ലാം പരിശോധനയ്ക്ക് വിധേയമാകും. അതിന് മുമ്പായി ഗവൺമെന്റ് ഇതുസംബന്ധിച്ച് പറഞ്ഞാൽ അത് ജുഡീഷ്യറിയെത്തന്നെ ബാധിക്കുന്ന ഒരു പ്രശ്നമായിമാറും. അതുകൊണ്ട് ഉന്നയിച്ച പ്രശ്നങ്ങൾക്ക് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞു. അപകടത്തിൽപ്പെട്ട ആളുകളിൽ മഹാ ഭൂരിപക്ഷവും മറ്റ് സംസ്ഥാനത്തുനിന്നും വന്നവരാണ്. കേരളത്തിന്റെ അതിഥി കളായെത്തിയവരാണ് അവർ. അതുകൊണ്ടുതന്നെ ഇക്കാര്യത്തിൽ സാധ്യമാകുന്ന എല്ലാ സഹായങ്ങളും ചെയ്യണമെന്നാണ് ഗവൺമെന്റ് ഉദ്ദേശിച്ചത്. അതുകൊണ്ട് അഞ്ചുലക്ഷം രൂപ ബന്ധപ്പെട്ട കുടുംബങ്ങൾക്ക് സഹായധനമായി കൊടുത്തു. എല്ലാ സഹായങ്ങളും ഗവൺമെന്റ് ചെയ്യും. ദേവസ്വം വകുപ്പ് എടുക്കുന്ന തീരുമാനം ഹൈക്കോടതിയുടെ അംഗീകാരത്തോടുകൂടിയേ നടപ്പാക്കാൻ സാധിക്കൂ. അത് ഹൈക്കോടതിയുടെ അംഗീകാരത്തിന് വിധേയമായി കിടക്കുകയാണ്. അതുകൊണ്ട് ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഇക്കാര്യത്തിൽ യാതൊരു പ്രശ്നവുമില്ല. .....(ബഹളം).....ഇപ്പോൾ രണ്ടര ലക്ഷം രൂപ ഗവൺമെന്റും രണ്ടര ലക്ഷം രൂപ ദേവസ്വം ബോർഡും നൽകാൻ തീരുമാനമെടുത്തുകഴിഞ്ഞു. ഒരു ലക്ഷം രൂപയാണ് കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ളത്. അഞ്ച് ലക്ഷം രൂപ ഈ ഗവൺമെന്റും ദേവസ്വം ബോർഡും ചേർന്ന് കൊടുക്കുന്നുണ്ട്. ശബരിമലയിൽ ഉണ്ടായിട്ടുള്ള അത്യന്തം ദു:ഖകരമായ ഈ സംഭവത്തിൽ സഭ ഒന്നടങ്കം അനുശോചനം രേഖപ്പെടുത്തുകയാണ്, ദുഃഖിക്കുകയാണ് വേണ്ടത്. .....(ബഹളം) ..... ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് വീഴ്ചയുണ്ടായിട്ടുണ്ടെങ്കിൽ അത് ചൂണ്ടിക്കാണിക്കാം. അതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കും.....(ബഹളം) ....മുൻകാലങ്ങളിലെപ്പോലെ എല്ലാ സുരക്ഷാ ക്രമീകരണങ്ങളും ഇപ്രാവശ്യവും ചെയ്തിരുന്നു. യു.ഡി.എഫ്-ന്റെ കാലത്ത് എട്ടുമന്ത്രിമാരാണ് പോയതെങ്കിൽ പത്തുമന്ത്രിമാരാണ് ഇത്തവണ പോയത്. എല്ലാ കാര്യങ്ങൾക്കും ഞങ്ങൾ കൂടെ നിന്നു. മുഖ്യമന്ത്രി ഇക്കാര്യത്തിൽ നേതൃത്വം കൊടുത്തിട്ടുണ്ട്. ദേവസ്വം വകുപ്പുമന്ത്രി ആവശ്യമായ എല്ലാ ക്രമീകരണങ്ങളും ചെയ്തിട്ടുണ്ട്. ഇത്തവണ മകരജ്യോതി കാണുന്ന പ്രദേശത്ത് മുൻകാലങ്ങ ളെപ്പോലെ ആവശ്യമായ എല്ലാ ക്രമീകരണങ്ങളും ഏർപ്പെടുത്തിയിരുന്നു. അവിടം വനപ്രദേശമാണ്. ടൈഗർ റിസർവ്വ് കേന്ദ്രമാണ്. അങ്ങനെയുള്ള സ്ഥലത്ത് അതനുസരിച്ചുള്ള നടപടികളാണ് ചെയ്തത്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഫോറസ്റ്റ് മന്ത്രിയായിരുന്ന കാലത്ത് ചെയ്തതുപോലെയാണ് ഇത്തവണയും ചെയ്തിട്ടുള്ളത്. അന്നും വാഹനങ്ങൾ കടത്തിവിട്ടിട്ടുണ്ട്. ഇത്തവണയും വാഹനങ്ങൾ കടത്തിവിട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച് എല്ലാ കാര്യങ്ങളും ജുഡീഷ്യൽ കമ്മീഷൻ പരിശോധിക്കുന്നതുകൊണ്ട് കൂടുതൽ കാര്യങ്ങൾ വ്യക്തമാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നില്ല. സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ഒരു പ്രശ്നവും ഈ കാര്യത്തിലില്ല.

മി. സ്പീക്കർ : ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയുടേയും ദേവസ്വം വകുപ്പുമന്ത്രിയുടേയും വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഈ പ്രശ്നം

LIBRARY ARCHIVES Kerala Legislative Assembly

സഭാ നടപടികൾ നിർത്തി വച്ച് ചർച്ച ചെയ്യണമെന്ന് ചെയർ കരുതുന്നില്ല. .....(ബഹളം).....

(അടിയന്തര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

ശ്രീ. ജി. കാർത്തികേയൻ : സർ, ഖേദം പ്രകടിപ്പിക്കണമെന്ന് ആവശ്യപെട്ടതിനുശേഷമാണ് ഗവൺമെന്റിന്റെ ഖേദം ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞത്. അത്രയും നല്ലത്. പക്ഷേ ഈ അപകടത്തിലും പഴയ അപകടത്തിലും മരണപ്പെട്ടവരുടെ ആത്മാക്കൾക്ക് നിത്യശാന്തി നേർന്നുകൊണ്ട് അവരുടെ സങ്കടപ്പെടുന്ന കുടുംബങ്ങളോട് നമുക്കെല്ലാവർക്കുമുള്ള ഖേദം ഞാൻ അറിയിക്കുകയാണ്. ഇവിടെ ആരേയും കുറ്റപ്പെടുത്താൻ വേണ്ടിയല്ല. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി പറഞ്ഞു, ഭരണ/പ്രതിപക്ഷ വ്യത്യാസമില്ലെന്ന്. അത് ശരിയാണ്. ഇതാരും വരുത്തിവച്ചതാണെന്ന് പറയുന്നില്ല. പക്ഷേ ഒരു ഗവൺമെന്റിന്റെ സമ്പൂർണ്ണമായ പരാജയം ഇവിടെ കാണുന്നു. .....(ബഹളം) .....ശബരിമലയിലെ പ്രവർത്തനം വിവിധ ഡിപ്പാർട്ടുമെന്റുകളുടെ കോ-ഓർഡിനേഷനാണ്. ദേവസ്വവും ആഭ്യന്തരവും വകുപ്പ് മാത്രമല്ല വനം, ഇറിഗേഷൻ, പി.ഡബ്ല്യു.ഡി., കെ.എസ്.ഇ.ബി., ആരോഗ്യം തുടങ്ങിയ വ്യത്യസ്ത വകുപ്പ് കളുമുണ്ട്. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി ഇവിടെയുണ്ടല്ലോ? ഓരോ വർഷം കഴിയുന്തോറും ശബരിമലയിൽ ആളുകളുടെ പ്രവാഹം കൂടുകയാണ്. ഈ വർഷം കൂടുമെന്നുള്ള ഇന്റലിജൻസ് റിപ്പോർട്ട് വരുന്നത് മകരജ്യോതി ദർശിക്കുമ്പോഴാണ്. മകരജ്യോതി ഉണ്ടോ ഇല്ലയോ എന്നുള്ള തർക്കം അവിടെ നിൽക്കട്ടെ. മൃതദേഹങ്ങൾ പോകുമ്പോൾ മകരജ്യോതി ഉണ്ടോ ഇല്ലയോ എന്നുപറഞ്ഞ് ഇവിടെ നമ്മൾ ആഘോഷിക്കുകയായിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി വളരെ സെൻസിബിളായി പറഞ്ഞു, വിശ്വാസമാണ്, വിശ്വാസമുള്ളവർക്കുണ്ട്, എല്ലാവർക്കുമില്ല. പക്ഷേ മരണം സത്യമായി നടന്നതാണ്. അങ്ങ് പറഞ്ഞല്ലോ ? അങ്ങ് ടൂറിസം വകുപ്പുമന്ത്രി കൂടിയാണ്. അതിഥി ദേവോ ഭവഃ മാസ്കറ്റിലും ലീലാ കെംപിൻസ്കിയിലും ഫൈവ് സ്റ്റാർ ഹോട്ടലുകളിൽ താമസിക്കുന്നവർ മാത്രമല്ല നമ്മുടെ അതിഥികൾ. ഇവരും അതിഥികളാണ്. ഈ അതിഥികളുടെ പ്രൊട്ടക്ഷന് എന്തുചെയ്തു എന്നുള്ളതാണ് ഏറ്റവും പ്രധാനമായിട്ടുള്ളത്. ക്ഷേത്രം മറ്റെങ്ങുമില്ലാഞ്ഞിട്ടല്ല. ആയിരത്തിലധികം വർഷം പഴക്കമുള്ള ആന്ധ്രയിലെ തിരുപ്പതി, കാളഹസ്തി, തഞ്ചാവൂരിലെ ബലേശ്വർ, ശ്രീരംഗത്തെ വിഷ്ണുക്ഷേത്രം, മധുര മീനാക്ഷി ക്ഷേത്രം തുടങ്ങിയ ക്ഷേത്രങ്ങളുണ്ട്. പിന്നെ എന്തുകൊണ്ട് ഈ വനാന്തര പ്രദേശത്തെ ശബരിമലയിലേക്ക് വരുന്നു ? ദ്രവീഡിയൻ ചിന്താഗതിക്കാർ ദൈവാരാധനയ്ക്ക് എതിരായിരുന്നു. എം.ജി. രാമചന്ദ്രന്റെ കഴുത്തിൽ വെടിയേറ്റ ശേഷമാണ് തമിഴ് മക്കളുടെ ഒരു വലിയ പ്രവാഹം ശബരിമലയിലേക്കുണ്ടായത്. എല്ലാവർക്കും അറിയാം മറ്റ് സ്റ്റേറ്റുകാരാണ് കൂടുതൽ വരുന്നതെന്ന്. അവരുടെ ഒരു വിശ്വാസമുണ്ട്.

മി. സ്പീക്കർ : അതിന്റെ ചരിത്രത്തിലേയ്ക്കൊന്നും പോകേണ്ട, അടിയന്തര പ്രമേയമാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജി. കാർത്തികേയൻ : പെട്ടെന്ന് തീർക്കാം. ഇത്തവണ പമ്പാ മണപ്പുറത്ത് വടം കെട്ടി. പമ്പയിൽ ഗണപതി കോവിലിൽ വടം കെട്ടി. പതിനാറ് മണിക്കൂർ ക്യൂ. അങ്ങനെ ഒരു രക്ഷയുമില്ലാതെ വന്നപ്പോൾ ആളുകൾ പല വഴിക്ക് പുല്ലുമേട്ടിലേക്ക് പോയി. അവിടെ രണ്ടര ലക്ഷം ആളുകൾ വന്നപ്പോൾ ബഹുമാനപ്പെട്ട മന്ത്രിക്ക് ഡിപ്പാർട്ടുമെന്റിന്റെ നിർദ്ദേശം കിട്ടിയില്ലേ? ഇന്റലിജൻസ് ഡിപ്പാർട്ടുമെന്റിന്റെ നിർദ്ദേശത്തെ നിങ്ങൾ മറികടന്നു. ഞാൻ കണക്കു പറയുകയല്ല, എട്ട് പോലീസെന്നാണ് പത്രങ്ങളിൽനിന്ന് അറിഞ്ഞത്. എട്ടു പോലീസുകാർ ഉണ്ടായിരുന്നതിൽ ആറുപേർ ജ്യോതി കാണാൻ പോയി. ബാക്കി രണ്ടുപേരാണ് അവിടെ ഉണ്ടായിരുന്നത്.അവിടെ കച്ചവടക്കാരുണ്ടായിരുന്നല്ലോ? ബഹുമാനപ്പെട്ട വനംവകുപ്പുമന്ത്രി ഇവിടെ ഇരിപ്പുണ്ടല്ലോ ? ഇവർ അറിയാതെ എങ്ങനെയാണ് കട കെട്ടുന്നത് ? ഓടിപ്പോയ ആളുകളെ അവിടെനിന്ന കടക്കാർ തള്ളി വീണ്ടും ദുരന്തത്തിലേക്ക് വിടുകയായിരുന്നു. ഞാൻ ആരേയും കുറ്റപ്പെടുത്തുന്നതിനു വേണ്ടിയല്ല പറയുന്നത്. മനഃപൂർവ്വമായി നാം സൃഷ്ടിച്ച ഒരു ദുരന്തമായിരുന്നു അത്. അതാണ് ഞാൻ പറഞ്ഞത് ഡിപ്പാർട്ടുമെന്റിന്റെ പരാജയമാണെന്ന്. അത് ഞാൻ പറഞ്ഞപ്പോൾ എല്ലാവരും പരിഹസിച്ചല്ലോ? ഡിപ്പാർട്ടുമെന്റിന്റെ പരാജയം ...(ബഹളം).... ഞാനൊന്നുചോദിക്കട്ടെ. മന്ത്രിക്ക് എങ്ങനെ പറയാൻ തോന്നി ? ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു .....(ബഹളം).....സർ, മൂന്ന് മിനിട്ടേ ആയിട്ടുള്ളൂ. ഞാൻ പറഞ്ഞോട്ടെ. ഇവിടെ ബഹുമാനപ്പെട്ട രണ്ട് മന്ത്രിമാർ സംസാരിച്ചു.

മി. സ്പീക്കർ : അംഗം സംസാരിക്കട്ടെ, ബഹളം വയ്ക്കാതിരിക്കൂ.

ശ്രീ. ജി. കാർത്തികേയൻ : സർ, ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി പറഞ്ഞു അത് കോടതിയുടേതാണെന്ന്. ഒരു വർഷം മുമ്പ് നടന്ന കണമല ദുരന്തത്തിന് പ്രഖ്യാപിച്ച 5 ലക്ഷം രൂപ കൊടുക്കാതിരുന്നിട്ടുണ്ട്. എന്തിനാണ് ദേവസ്വം ബോർഡ് ഇത്തവണയും കാപട്യം പ്രഖ്യാപിച്ചത്? ...(ബഹളം).... ഹൈക്കോടതി ഇടപെട്ടു. ഗവൺമെന്റിന് കൊടുക്കണമെന്ന തോന്നലുണ്ടാകണം. എട്ട് മന്ത്രിമാർ മാത്രം പോയിട്ട് കാര്യമില്ല. മകരവിളക്കും മണ്ഡലപൂജയുമായി ബന്ധപ്പെട്ട് എല്ലാ മന്ത്രിമാരും മറ്റാളുകളും ഉണ്ടാകണം. മന്ത്രി രാജാവാണ്, അധികാരമുള്ള ആളാണ്. കോ-ഓർഡിനേഷനും ലീഡർഷിപ്പും ക്വാളിറ്റിയുണ്ടാക്കും. ബഹുമാനപ്പെട്ട വകുപ്പുമന്ത്രിക്ക് വിശ്വാസമില്ലാത്തതുകൊണ്ട് പോകാൻ കഴിഞ്ഞില്ല. ഈ സംസ്ഥാനത്ത് പരസ്യമായി ക്ഷേത്രത്തിൽപ്പോകുന്നവരും രഹസ്യമായി പോകുന്നവരുമായ ഒത്തിരി മന്ത്രിമാരില്ലേ? ശബരിമലയിൽ ഈ ദിവസം ആരെങ്കിലും പോയിരുന്നോ? ആരെങ്കിലുമുണ്ടായിരുന്നോ അവിടെ? നിങ്ങൾ പത്ത് പേർ പോയി മാർച്ച് നടത്തുന്നതിൽ കാര്യമില്ല. വളരെ സെൻസിറ്റീവായ ഈ ദിവസങ്ങളിൽ അവിടെ എത്ര മന്ത്രിമാരുണ്ടായിരുന്നു; എത്ര ഉത്തരവാദിത്വപ്പെട്ട ആളുകളുണ്ടായിരുന്നു? അതുമാത്രമല്ല ഒരു പോലീസ് ഓഫീസറെ കോ-ഓർഡിനേറ്ററായി വച്ചു. ഈ കോ-ഓർഡിനേറ്റർ ഉൾപ്പെടുന്ന സമിതിയുടെ നിയന്ത്രണം പമ്പ, നിലയ്ക്കൽ, സന്നിധാനം ഇവിടെയൊക്കെയാണ്. അതിൽ പുല്ലുമേട് ഇല്ലായിരുന്നു. ഇവരുടെ മാനേജുമെന്റിൽ പുല്ലുമേട് ഇല്ലായിരുന്നു. ഇവിടെ എത്ര ഡിപ്പാർട്ടുമെന്റുകളാണ് ഉള്ളത്? പോലീസ്, ദുരന്തനിവാരണസേന, ക്വിക്ക് റിയാക്ഷൻ ഫോഴ്സ്, ദേവസ്വം സെക്യൂരിറ്റി, വനപാലകർ, റാപ്പിഡ് ആക്ഷൻ ഫോഴ്സ്, ഇങ്ങനെയുള്ള വ്യത്യസ്തമായ സംരംഭങ്ങളുണ്ടായിട്ടും നമുക്കിതിനെ

തടയാൻ കഴിഞ്ഞില്ല. ഒരു വാചകം പറഞ്ഞ് അവസാനിപ്പിക്കാം. ക്രൗഡ് മാനേജുമെന്റിന് പ്രൊഫഷണലിസം വേണം. അതിന് ആളുകളെ നിയോഗിക്കണം. കുറേ വർഷങ്ങൾക്കുമുമ്പ് 4 നൂലുണ്ടയും ഒരു കളിത്തോക്കുമായി രണ്ടുപേർ പാലക്കാട് കളക്ടറേറ്റിൽ കയറിയപ്പോൾ വിരണ്ട സർക്കാരാണത്. ക്രൗഡ് മാനേജുമെന്റിന് എഫിഷ്യൻസിവേണം. അതുകൊണ്ട് മനഃപ്പൂർവ്വമായി കൊന്നതല്ലെങ്കിൽപ്പോലും ഇവിടെ വന്നെത്തിയ തീർത്ഥാടകരെ, ഭക്തജനങ്ങളെ ഈ സർക്കാരിന്റെ പിടിപ്പുകേടുകൊണ്ടും നിഗമനങ്ങളില്ലായ്മകൊണ്ടും നിസ്സംഗത കൊണ്ടും പരോക്ഷമായി ഈ മരണത്തിൽ സർക്കാരിന് ഉത്തരവാദിത്വമുണ്ട്. അടുത്ത വർഷവും തീർത്ഥാടകർ വരും. ഇത്തവണ സംഭവിച്ചു. അടുത്ത വർഷം ഇത്തരം സംഭവങ്ങളുണ്ടാകാതിരിക്കുന്നതിനുവേണ്ടി ഇത് ഇവിടെ ചർച്ച ചെയ്യണ്ടേ ? .....(ബഹളം).....ചർച്ച ചെയ്യണ്ടേ ?

മി. സ്പീക്കർ : .....ശ്രീ. ബാബു എം. പാലിശ്ശേരി .....പ്ലീസ്.....

ശ്രീ. ജി. കാർത്തികേയൻ : സർ, എനിക്ക് അവസാനിപ്പിക്കണ്ടേ? ..... (ബഹളം)..... എനിക്കൊന്ന് പറഞ്ഞ് അവസാനിപ്പിക്കണം.

മി. സ്പീക്കർ: പ്ലീസ്.....അങ്ങ് അവസാനിപ്പിക്കണം.

ശ്രീ. ജി. കാർത്തികേയൻ : സർ, ഞാൻ ആഭ്യന്തരവകുപ്പുമന്ത്രിയെ കാട്ട് ചെയ്യുന്നു. സംസ്ഥാന തലത്തിൽ മാത്രമല്ല ദേശീയ തലത്തിലും ഒരു മഹാ ദുരന്തമായി മാറിയ ഇത്തവണത്തെ ഈ കൂട്ടമരണം അടുത്ത വർഷവും ഉണ്ടാകാതിരിക്കുന്നതിനുവേണ്ടി ബന്ധപ്പെട്ട തലങ്ങളിൽ ഉയർന്ന ചർച്ചകൾ ഉണ്ടാകുന്നതിനാവശ്യമായ നിർദ്ദേശംകൊടുക്കാൻ പര്യാപ്തമായ വേദി നിയമസഭയാണ്. നിയമസഭ ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്. ഇവിടെയല്ലാതെ എവിടെയാണ് ചർച്ച ചെയ്യേണ്ടത് ? മരണത്തിൽപ്പോലും ഓരിയിടുന്നത് ശരിയാണോ ? ദുഃഖിക്കുകയല്ലേ വേണ്ടത് ? അതുകൊണ്ട് ഇക്കാര്യം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുന്നു.

(സർക്കാരിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. ജി. കാർത്തികേയനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. കെ. എം. മാണി : സർ, 103 പേരുടെ മരണത്തിന് ഇടയാക്കിയ ഈ സംഭവം ചർച്ച ചെയ്യുവാൻ സർക്കാർ വിമുഖത കാട്ടുന്നത് ഒട്ടും ശരിയല്ല. ഇവിടെ ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി പറഞ്ഞത്, 'ഇതൊരു ദുരന്തമാണ്, സർക്കാർ എന്ത് ചെയ്യാൻ എന്നാണ്'. ഞാൻ ആഭ്യന്തര വകുപ്പുമന്ത്രിയോട് ഒരു കാര്യം മാത്രമേ പറയുന്നുള്ളു. ഇത് സർക്കാർ ഉണ്ടാക്കിയ ദുരന്തമാണ്. അല്ലാതെ വേറൊന്നുമല്ല. ഈ ദുരന്തത്തിന് സർക്കാർ ഉത്തരവാദിത്വം വഹിക്കണം. കാരണം എന്താണ് ? ഇത് എങ്ങനെയുള്ള മരണമാണ്? ഇത് stampede ആണ്. ജനക്കൂട്ടത്തിലുണ്ടായ stampede-ന്റെ ഫലമായിട്ടാണ് 103 പേർ മരിക്കുവാനിടയായത്. അവിടെ ജനക്കൂട്ടത്തിനിടയിൽ, തിരക്കിനിടയിൽ ആളുകൾ വീഴുന്നു. വീഴുന്ന ആളുകളുടെ മുകളിലേക്ക് പിറകിൽ നിൽക്കുന്ന ആളുകൾ ചവിട്ടിക്കയറുന്നു. ചവിട്ടിമെതിച്ചതിന്റെ ഫലമായി 103 പേർ മരിക്കുകയാണ്. കാരണമെന്താണ് ? അവിടെ വിളക്കും വെളിച്ചവും ഉണ്ടായിരുന്നില്ല. നിങ്ങൾ അവിടെ കോൺഫറൻസ് നടത്തിയല്ലോ ? നിങ്ങൾ മുഖ്യമന്ത്രിയുടെ

LIBRARY ARCHIVES Kerala Legislative Assembly

അദ്ധ്യക്ഷതയിൽ എത്ര കോൺഫറൻസ് നടത്തി ? കോൺഫറൻസിൽ അവിടെ ഇത് മാനേജ് ചെയ്യാനുള്ള എന്തെങ്കിലും കാര്യങ്ങളെക്കുറിച്ച് നിങ്ങൾ ആലോചിച്ചോ ? തെരുവുവിളക്ക് ഉണ്ടായിരുന്നോ ? വൈദ്യുതി വിളക്ക് ഇല്ല. ഒരു മണ്ണെണ്ണ വിളക്കുപോലുമില്ല. രണ്ടരലക്ഷം ആളുകൾ തിങ്ങിക്കൂടിയ പുല്ലുമേടിൽ ഒരു മണ്ണെണ്ണ വിളക്കുപോലും കത്തിക്കാനുള്ള സംവിധാനം ഏർപ്പെടുത്താൻ കഴിയാത്ത ഈ സർക്കാരാണ് ഈ ദുരന്തത്തിന് ഉത്തരവാദി.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട കെ.എം. മാണി ഇവിടെ ഒരുപാട് കാലം മന്ത്രിയായിരുന്ന ആളാണല്ലോ. അങ്ങ് മന്ത്രിയായിരുന്ന കാലത്ത് ഈ മകരജ്യോതി നടന്നിട്ടുള്ള ദിവസങ്ങളിൽ അവിടെ ലൈറ്റുണ്ടായിരുന്നോ? .....(ബഹളം).....

ശ്രീ. കെ. എം. മാണി : സർ, അക്കാലത്ത് ഇങ്ങനെയൊരു ദുരന്തവും ഉണ്ടായില്ല. അക്കാലത്ത് ദുരന്തമുണ്ടായില്ല, ഇതിനേക്കാൾ മെച്ചപ്പെട്ട ക്രമീകരണങ്ങൾ അന്ന് ഉണ്ടായിരുന്നുവെന്നുള്ളതാണ് വസ്തുത. അപ്പോൾ വാസ്തവത്തിൽ ഇതിന്റെ ഉത്തരവാദിത്വം നിങ്ങളാണ് വഹിക്കേണ്ടത്. രണ്ടരലക്ഷം ആളുകൾ തിങ്ങിക്കൂടിയ സ്ഥലത്ത് ക്രമസമാധാനപാലനത്തിന് എത്രപേരാണെന്നറിയാമോ ഉണ്ടായിരുന്നത്? 8 പേർ. നാണം കെട്ട ഒരു ഗവൺമെന്റല്ലേ ഇത്? ഇവർക്ക് എന്തെങ്കിലും അറിയാമോ? രണ്ടരലക്ഷം ആളുകൾ കൂടുന്നിടത്ത് ക്രമസമാധാന പാലനത്തിന് 8 പേരാണ് ഉണ്ടായിരുന്നത്. ഒരു പെരുനാളിന് പത്തുമുപ്പതുപേരെ നിങ്ങൾ അയക്കും. ഇവിടെ ഒരു പെരുനാളിന്, ഒരു ഉത്സവത്തിന് 100 പോലീസിനെ അയയ്ക്കുന്ന സർക്കാർ മകരവിളക്കിന് പുല്ലുമേട്ടിൽ 8 പേരേയാണ് അയച്ചത്. നിങ്ങൾ മകരവിളക്കിന് പുല്ലുവിലയാണ് കൊടുത്തത്. ....(ബഹളം)..... അതുകൊണ്ട് ഇത് നിങ്ങളുടെ വീഴ്ചയാണ്. (ബഹളം).....നിങ്ങളുടെ സമീപനമാണിത്. ഇതിനോടുള്ള നിങ്ങളുടെ സമീപനം അതാണ് ..... (ബഹളം).....അതുകൊണ്ട് പോലീസ് സേനയെ അയയ്ക്കാതെ, വൈദ്യുതി വിളക്ക് കൊടുക്കാതെ, അവിടെ ക്രമീകരണങ്ങളുണ്ടാക്കാതെ നിസ്സംഗത പാലിച്ച സർക്കാരാണ് ഈ ദുരന്തത്തിന് പിന്നിലുള്ളത്. അതുകൊണ്ട് സർക്കാരിന്റെ ഈ നിസ്സംഗതയെ, ഈ കൃത്യവിലോപത്തെ, മൂടിവയ്ക്കുന്നതിന് വേണ്ടി സർക്കാർ ഇവിടെ പറയുന്നത് ശരിയായ മറുപടിയല്ല. ഇതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(സർക്കാരിന്റെ നിലപാടിൽ പ്രതിഷേധിച്ച് കെ. എം. മാണിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

ശ്രീ. സി. ടി. അഹമ്മദ് അലി : സർ, കഴിഞ്ഞ വർഷം കണമല ദുരന്തത്തിൽ 12 അയ്യപ്പഭക്തന്മാരും ഇക്കൊല്ലം പുല്ലുമേട് ദുരന്തത്തിൽ 103 അയപ്പഭക്തന്മാരും മരിക്കാനിടയായ സാഹചര്യം സർക്കാരിന്റെ വീഴ്ച തന്നെയാണ്. അത് സമ്മതിക്കാതിരിക്കാൻ കഴിയില്ല, വിവിധ ഡിപ്പാർട്ടുമെന്റുകൾ തമ്മിലുള്ള കോ-ഓർഡിനേഷൻ ഇല്ല. അവിടെ വെളിച്ചമില്ല, അവിടെ മറ്റ് ക്രമീകരണങ്ങളില്ല. അതുകൊണ്ട് ഈ സഭയിൽ ഇത് ചർച്ച ചെയ്യേണ്ടതാണ്. മേലിൽ ഇത്തരം സംഭവങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

ആവർത്തിക്കാതിരിക്കാനുള്ള സജ്ജീകരണങ്ങളും ക്രമീകരണങ്ങളും ഉണ്ടാകണം. ദുരന്തത്തിൽ മരണപ്പെട്ടവരുടെ അയ്യപ്പഭക്തരുടെ കുടുംബാംഗങ്ങളോട് എന്റേയും ഞാൻ പ്രതിനിധാനം ചെയ്യുന്ന എന്റെ പാർട്ടിയുടേയും അനുശോചനവും ദുഃഖവും അറിയിക്കുന്നു. സർക്കാരിന്റെ വീഴ്ചയും അനാസ്ഥയും ഈ ദുരന്തത്തിന് കാരണമാണ്. അതുകൊണ്ട് സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ഏറ്റവും വലിയ ഗുരുതരമായ പ്രശ്നമാണിത്. ഇത് സർക്കാർ അനുവദിക്കാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(സർക്കാരിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. സി. ടി. അഹമ്മദ് അലിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി. പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപ സമയത്തിനുശേഷം സഭയിൽ തിരിച്ചെത്തി.)

III ശ്രദ്ധ ക്ഷണിക്കൽ

1. രാഷ്ട്രീയ സംഘർഷങ്ങൾ

ശ്രീ. കെ. പി. മോഹനൻ : സർ, വളരെയധികം പ്രധാനപ്പെട്ടതും മാനുഷിക മൂല്യങ്ങൾ ഉൾക്കൊള്ളുന്നതുമായ ഒരു ശ്രദ്ധ ക്ഷണിക്കലാണ് ഞാൻ ഇവിടെ ഉന്നയിക്കുന്നത്. രാഷ്ട്രീയ സംഘർഷങ്ങളും കൊലപാതക പരമ്പരകളും കാരണം സംസ്ഥാനത്ത് പ്രത്യേകിച്ച് മലബാർ മേഖലയിൽ തളിപ്പറമ്പ്, കണ്ണൂർ, കൂത്തുപറമ്പ്, പാനൂർ, നാദാപുരം മേഖലകളിലൊക്കെത്തന്നെ നിരവധി അമ്മമാരും സഹോദരിമാരും പിഞ്ചുമക്കളും കണ്ണീരും കഷ്ടപ്പാടുമായി ജീവിതം തള്ളി നീക്കുകയാണ്. കുടുംബത്തിന്റെ താങ്ങും തണലുമായിരുന്ന ഗൃഹനാഥൻ നഷ്ടപ്പെട്ട് അനാഥരാകുന്ന കുടുംബാംഗങ്ങൾ, യൗവനത്തിൽത്തന്നെ വിധവകളായി കണ്ണീരിലും നിത്യദുഃഖത്തിലും കഴിയുന്ന സഹോദരിമാർ, അച്ഛൻ നഷ്ടപ്പെട്ട പിഞ്ചുമക്കൾ, സഹോദരൻമാർ നഷ്ടപ്പെട്ട സഹോദരിമാർ, മക്കൾ നഷ്ടപ്പെട്ട മാതാപിതാക്കൾ ഇങ്ങനെ ദുഃഖവും ദുരന്തവും നേരിടുന്ന മക്കളെയും അമ്മമാരെയും സഹോദരിമാരെയും ഇനിയും ദുരിതത്തിലാക്കാതിരിക്കാനും നാടിന് ശാന്തിയും സമാധാനവും സൗഹൃദവും നിലനിർത്താനും ശക്തവും യുക്തവുമായ നടപടികൾ സ്വീകരിക്കണമെന്ന് വളരെ വേദനയോടുകൂടിയാണ് ഞാൻ അഭ്യർത്ഥിക്കുന്നത്. ഈ സംഘർഷങ്ങൾക്ക് ഒരുപാട് കാരണങ്ങളുണ്ട്. പൊതുസ്ഥലങ്ങളിൽ കൊടിമരങ്ങളും സ്തൂപങ്ങളും സ്ഥാപിക്കുമ്പോഴാണ് പലപ്പോഴും സംഘർഷങ്ങൾ ഉണ്ടാകുന്നത്. ഇത് നിരോധിക്കാൻ നടപടികൾ സ്വീകരിക്കണം. ഇലക്ട്രിക് പോസ്റ്റ്, ടെലഫോൺ പോസ്റ്റ്, കമാനങ്ങൾ തുടങ്ങിയവയിലും സർക്കാർ സ്ഥാപനങ്ങളിലും മറ്റും രാഷ്ട്രീയ പാർട്ടികളുടെ പ്രചരണത്തിനായി എഴുത്തും പോസ്റ്ററുകൾ പതിപ്പിക്കുന്നതും തിരഞ്ഞെടുപ്പ് കാലത്ത് ഒഴിവാക്കുന്നതുകൊണ്ട് സംഘട്ടനങ്ങൾ ഉണ്ടാകുന്നില്ല. കാറികൾക്കും മറ്റും യഥേഷ്ടം വെടിമരുന്ന് വിതരണം ചെയ്യുന്നത് നിയന്ത്രിക്കാനും നിരീക്ഷിക്കാനും നടപടികൾ ഉണ്ടാകണം. ഉത്സവപറമ്പുകളിലും പൊതുപരിപാടികൾ നടത്തുന്ന സ്ഥലവും, ഗൗരവപൂർവ്വം പോലീസ് നിരീക്ഷിച്ച് ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കണം. അക്രമങ്ങൾ മുളയിലേ നുള്ളിക്കളയാൻ നടപടി സ്വീകരിക്കണം. രാഷ്ട്രീയ നേതാക്കളുടെ പ്രകോപനപരമായ പ്രസംഗങ്ങൾ ചിലപ്പോഴൊക്കെ സംഘർഷങ്ങൾ ഉണ്ടാക്കാറുണ്ട്. രാഷ്ട്രീയ സംഘർഷങ്ങൾക്കും കൊലപാതകങ്ങൾക്കും ശേഷം രാഷ്ട്രീയ പാർട്ടികൾ

LIBRARY ARCHIVES Kerala Legislative Assembly